പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4986 04-07-2012 - ൽ മറുപടിക്ക്

## നിയമ സഹായ ക്ലിനിക്കുകൾ

**ചോദ്യം**
ശ്രീ എ.എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

**ഉത്തരം**
ശ്രീ. കെ.എം. മാണി
(ബഹു, ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഗ്രാമപ്രദേശങ്ങളിൽ വർദ്ധിച്ചുവരുന്ന കേസുകൾ പരിഹരിക്കുന്നതിനായി 'നിയമസഹായ ക്ലിനിക്കുകൾ' സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | കേരളാസ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ) യുടെ അനുബന്ധസ്ഥാപനങ്ങളായ ജില്ലാ ലീഗൽസർവ്വീസസ് അതോറിറ്റികളും, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അതാത് പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജയിലുകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയ പ്രസ്ഥാനങ്ങളോടനുബന്ധിച്ച് ലീഗൽ എയ്ഡ് ക്ലിനിക്കുകൾ (നിയമ സഹായ ക്ലിനിക്കുകൾ) സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്കായി അഭിഭാഷകരുടേയോ പാരാലീഗൽ വോളന്റിയർമാരുടേയോ (പൊതുജനങ്ങളുടെ ഇടയിൽ നിയമ സേവനം നടത്തുന്നതിനായി അവരിൽനിന്ന് തന്നെ തിരഞ്ഞെടുത്ത്, നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പരിശീലനം സിദ്ധിച്ചിട്ടുള്ള സന്നദ്ധ പ്രവർത്തകർ) സേവനം വിനിയോഗിക്കുയും ചെയ്തുവരുന്നു. കേരളത്തിൽ 210 ഓളം നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ നൽകുന്നു. |

| | | |
|---|---|---|
| | | ജില്ല എണ്ണം<br>തിരുവനന്തപുരം - 19<br>കൊല്ലം 4<br>പത്തനംത്തിട്ട 2<br>ആലപ്പുഴ 46<br>കോട്ടയം 9<br>ഇടുക്കി 28<br>എറണാകുളം 30<br>തൃശ്ശൂർ 6<br>പാലക്കാട് 16<br>മലപ്പുറം 24<br>കോഴിക്കോട് 5<br>വയനാട് 16<br>കണ്ണൂർ 4<br>കാസർഗോഡ് 5<br>ആകെ 214<br><br>പ്രസ്തുത നിയമ സഹായ ക്ലിനിക്കുകളിൽ അഭിഭാഷകരും പാരാ ലീഗൽ വോളന്റിയർമാരും തങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവരുടെ നിയമ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും നിയമോപദേശം നൽകുകയും ചെയ്തുവരുന്നു. മേൽ നടപടി ആവശ്യമുള്ള കേസുകളിൽ, കക്ഷികളെ അതാത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളെ സമീപിക്കുവാൻ വേണ്ട സഹായം ലീഗൽ എയ്ഡ് ക്ലിനിക്കുകൾ മുഖേന നൽകിവരുന്നു. |
| (ബി) | നിയമസഹായ ക്ലിനിക്കുകൾ 'അനുരഞ്ജനത്തിനുള്ള' കേന്ദ്രങ്ങളായാണോ വിവക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | പൊതുജനങ്ങളുടെ നിയമ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുക, പ്രാഥമിക നിയമോപദേശം നൽകുക, പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ, മറുപടികൾ, മറ്റ് നിയമപരമായ രേഖകൾ തുടങ്ങിയവ തയ്യാറാക്കുക തദ്ദേശവാസികൾ തമ്മിലുള്ള തർക്കങ്ങൾ രമ്യമായി പരിഹരിക്കുക എന്നീ സേവനങ്ങളാണ് ലീഗൽ എയ്ഡ് ക്ലിനിക്കുകൾ മുഖേന ലഭിക്കുന്നത്. നിയമ |

| | | |
|---|---|---|
| | | സഹായ ക്ലിനിക്കുകളിൽ ചർച്ചകൾ മുഖേന അനുരഞ്ജനം നടക്കുന്നുണ്ടെങ്കിലും അപ്രകാരം അനുരഞ്ജനത്തിലൂടെ എത്തിചേരുന്ന വ്യവസ്ഥകൾ നിയമപരമായി സാധുതയില്ലാത്തതും കോടതി മുഖേന നടപ്പാക്കാൻ സാധിക്കാത്തതുമാണ്. എന്നിരിക്കലും അപ്രകാരം എത്തിചേരുന്ന അനുരഞ്ജന വ്യവസ്ഥകൾക്ക് നിയമപരമായ സാധുത ലഭിക്കുന്നതിനായി അത്തരം കേസുകൾ അതാതു ലീഗൽ സർവ്വീസസ് അതോറിറ്റികൾ നടത്തുന്ന ലോക് അദാലത്തുകളിലേയ്ക്ക് റഫർ ചെയ്യുന്നതാണ്. |
| (സി) | ഗ്രാമപ്രദേശങ്ങളിലെ നിയമ വിദഗ്ദ്ധരേയും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരേയും ക്ലിനിക്കുകളിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ? | നിയമസഹായ ക്ലിനിക്കുകളിൽ സേവനം അനുഷ്ടിക്കുന്നതിന് അതാത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളുടെ പാനലിലുള്ള അഭിഭാഷകരേയും പാരാലീഗൽ വോളന്റിയർമാരേയുമാണ് നിയോഗിക്കുന്നത്. പാരാലീഗൽ വോളന്റിയർ പരിശീലനം നേടിയിട്ടുള്ള സാമൂഹ്യപ്രവർത്തകരാണെങ്കിൽ അവരേയും നിയമ സഹായ ക്ലിനിക്കുകളിൽ നിയോഗിക്കാറുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.